പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1790 | 04.12.2015 ൽ മറുപടിയ്ക്ക് |
|---|---|
| **നിർഭയ ഷെൽട്ടർ ഹോമുകൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. സണ്ണി ജോസഫ്**<br>**" ടി.എൻ.പ്രതാപൻ**<br>**" കെ.മുരളീധരൻ**<br>**" കെ.എസ്.ശബരീനാഥൻ** | **ഡോ.എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) ലൈംഗികാതിക്രമങ്ങൾക്ക് വിധേയരായി സ്വന്തം ഭവനത്തിൽ തുടരുവാൻ കഴിയാത്ത അവസ്ഥയിലുള്ള സ്ത്രീകളെയും പെൺകുട്ടികളെയുമാണ് നിർഭയ ഷെൽട്ടർ ഹോമിൽ താമസിപ്പിക്കുന്നത്. ഇവർക്ക് മാനസികാരോഗ്യം വീണ്ടെടുക്കുവാനും, ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് തിരിച്ചു കൊണ്ടു വരുവാനും, വിദ്യാഭ്യാസത്തിനും, തൊഴിൽ പരിശീലനത്തിനും നിയമസഹായത്തിനും ഷെൽട്ടർ ഹോമിൽ അവസരം ഒരുക്കുന്നു. |
| (സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ? | (സി) എല്ലാ ജില്ലകളിലും നിർഭയ ഷെൽട്ടർ ഹോം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ മൂന്നും, എറണാകുളം, ഇടുക്കി, പാലക്കാട്, കോഴിക്കോട്, തൃശ്ശൂർ, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഓരോന്ന് വീതവും പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ